Minister for Industries, Excise and Local Self Government
[Sri. N. Kunjuraman]:

(*a*) Yes.

(*b*) Government are rendering help to cottage industrialists for the formation and working of co-operative industrial societies.

ഗവമ്മെൻറുത്തരവുകൾ

*വ്യ.വ്യ൯. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കോടതികളിലെ ജഡ്ജ്മെൻറുകൾപോലെ ഗവമ്മെണ്ടുത്തരവുകളും പബ്ലിക്ക് റിക്കാർഡുകൾ അല്ലേ;

(ബി) ഗവമ്മെണ്ടുത്തരവുകളുടെ പകർപ്പുകൾ കൊടുക്കുവാൻ പാടില്ലെന്നും അവ രഹസ്യമായി സൂക്ഷിക്കണമെന്നും ഗവമ്മെണ്ടുത്തരവോ സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്തു"?

(സി) ഗവമ്മെണ്ടുത്തരവുകൾ ജനങ്ങളിൽനിന്നു മറച്ചു രഹസ്യമായി സൂക്ഷിക്കണമെന്ന ഗവമ്മെണ്ടിനു് ആഗ്രഹമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അല്ല. ഗവമ്മെണ്ടുത്തരവുകൾ എക്സിക്യൂട്ടീവു് ഓർഡറുകളോ നിർദ്ദേശങ്ങളോ മാത്രമാണു്.

(ബി) ഇല്ല. ഗവമ്മെണ്ടിനെ ഹാനികരമായി ബാധിക്കയില്ലെന്നു ബോദ്ധ്യപ്പെട്ടന്നപക്ഷം ഗവമ്മെണ്ടുത്തരവുകളുടെ പകർപ്പുകൾ അപേക്ഷകന്മാർക്കു് കൊടുക്കാവുന്നതാണു്; കൊടുത്തുവരുന്നുമുണ്ടു്.

(സി) ജനങ്ങൾക്കു് പൊതുവേ ആവശ്യമായി തോന്നുന്ന ഗവമ്മെണ്ടുത്തരവുകൾ ഗവമ്മെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. അവയെ അടിസ്ഥാനപ്പെടുത്തി പ്രസ്സു് നോട്ടുകളും പ്രസിദ്ധപ്പെടുത്താറുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവമ്മെണ്ടിനെ ഹാനികരമായി ബാധിക്കുന്ന ഉത്തരവുകൾ ഏതെന്നും അല്ലാത്തവ ഏതെന്നും നിശ്ചയിക്കുന്നതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഗവമ്മെണ്ടുതന്നെയാണു്.

പ്രമാണങ്ങൾ

*വ്യ൯ ൦. (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) രജിസ്റ്റർ കച്ചേരികളിൽ രജിസ്റ്റർ ചെയ്യുന്നതിനു ഹാജരാക്കുന്ന പ്രമാണങ്ങളിൽ കക്ഷികളുടെ ജാതിയും മതവും കാണിച്ചിരിക്കണമെന്നു് നിയമമുണ്ടോ;

(ബി) ആ നിയമം ഭേദപ്പെടുത്തണമെന്നും പ്രമാണങ്ങളിൽ ജാതിയും മതവും കാണിക്കേണ്ടതായ ആവശ്യമില്ലെന്നും കാണിച്ചു ഗവമ്മെണ്ടിലേക്കു നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) അതു സംബന്ധിച്ചു് ഗവമ്മെണ്ടു് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ഉദ്ഭവിക്കുന്നില്ല.

മോണോസൈറ ഫാക്ടറി

*വ്യ൯ ൧. (൭) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മോണോസൈറ ഫാക്ടറി സ്ഥാപിക്കുന്നതു് സംബന്ധിച്ചു ഈ ഗവമ്മെണ്ടും ഇൻഡ്യാഗവമ്മെണ്ടും തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കരാർ എന്താണെന്നു പറയാൻ ദയവുണ്ടാകുമോ;

(സി) മോണോസൈറ ഫാക്ടറി ഈ സ്റ്റേറ്റിൽ സ്ഥാപിക്കാൻ ആലോചിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly